# ശ്രീ സി അച്യുതമേനോൻ ഗവ കോളേജ് തൃശൂർ

## അലുമ്നി അസോസിയേഷൻ

കോളെജിലെ അലുമ്നി അസോസിയേഷന്റെ പൊതുയോഗം 20/11/2021 ശനിയാഴ്ച രാവിലെ 10 ന് കോളെജ് സെമിനാർ ഹാളിൽ വച്ച് പ്രിൻസിപ്പാളിന്റെ അദ്ധ്യക്ഷതയിൽ നടന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടന്ന പ്രസ്തുത യോഗത്തിന്റെ മിനുട്ട്സ്.

അജണ്ട:

1) 2021 - 22 വർഷത്തേക്കുള്ള അലുമ്നി അസോസിയേഷൻ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്

2) കോളെജിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ

3) അദ്ധ്യക്ഷ അനുവദിക്കുന്ന ഇതര വിഷയങ്ങൾ

രാവിലെ 10.30 ന് ആരംഭിച്ച യോഗത്തിൽ ഏകദേശം നാല്പത് അംഗങ്ങൾ പങ്കെടുത്തു. കോളെജ് സെമിനാർ ഹാളിൽ പ്രിൻസിപ്പാൾ ശ്രീമതി പി.വി അംബികയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിന് ശ്രീ എസ് വി രാജ്കുമാർ സ്വാഗതമരുളി. തുടർന്ന് നടന്ന അദ്ധ്യക്ഷ പ്രസംഗത്തിൽ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന കോളെജിന്റെ വികസന പ്രവർത്തനങ്ങളിൽ അലുമ്നി അസോസിയേഷന്റെ പങ്കാളിത്തം ശ്രീമതി അംബിക പി വി അഭ്യർത്ഥിച്ചു. തുടർന്ന് അലുമ്നി അസോസിയേഷൻ കോ ഓർഡിനേറ്റർ ശ്രീ എൽദോസ് കെ.വി. അലുമ്നിയുടെ നേതൃത്വത്തിൽ നടത്താൻ ആഗ്രഹിക്കുന്ന പദ്ധതികളുടെ കരട് യോഗത്തിൽ അവതരിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ യോഗത്തിൽ പങ്കെടുത്ത എല്ലാവരും സജീവമായി പങ്കെടുത്തു. കോളെജ് നടത്തുന്ന എല്ലാ നല്ല പ്രവർത്തനങ്ങൾക്കും അംഗങ്ങളുടെ പരിപൂർണ്ണ പിന്തുണ അറിയിച്ചു. കൂടാതെ ഒട്ടനവധി നിർദേശങ്ങളും അംഗങ്ങൾ മുന്നോട്ടു വച്ചു. തുടർന്ന് അടുത്ത വർഷത്തെ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നു. താഴെ പറയുന്നവർ 2021-22 വർഷത്തെ അലുമ്നി അസോസിയേഷൻ ഭാരവാഹികളായി തിരെഞ്ഞെടുക്കപ്പെട്ടു.

പ്രസിഡന്റ്: ശ്രീ വർഗീസ് വാഴപ്പിള്ളി
വൈസ് പ്രസിഡന്റ്: ശ്രീമതി മേഴ്സി സേവ്യർ
സെക്രട്ടറി: ശ്രീ രാമദാസ് പി.വി.
ജോയിന്റ് സെക്രട്ടറി: ശ്രീ അമൽ കൃഷ്ണ
ട്രഷർ: ശ്രീ ദീപു പൂപ്പറമ്പിൽ
കമ്മറ്റി അംഗങ്ങൾ:
ശ്രീമതി കെ. ആർ. രാഗി
ശ്രീമതി എൻ. പി. എം. ഹസ്മിന ഫാത്തിമ
ശ്രീമതി രമാദേവി ദേവദാസ്
ശ്രീമതി അനിത വർമ്മ
ശ്രീമതി ബിനുമതി
യോഗത്തിന് ശ്രീ അമൽ കൃഷ്ണ നന്ദി അർപ്പിച്ചു. യോഗം 1.00 pm ന് അവസാനിച്ചു.






2021.11.20 12:16






2021.11.20 12:28



